പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3407

09.4.2013 - ൽ
മറുപടിക്ക്

## കയർ ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, പാലോട് രവി<br>,, ലൂഡി ലൂയിസ്<br>,, എം. എ. വാഹീദ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കയർ ഉൽപന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണാർത്ഥം, ആലപ്പുഴ ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ചകിരി അടിസ്ഥാന വസ്തുവായുള്ള കോംമ്പോസിറ്റ് ബോർഡ്, ജൈവവളം, ചെരിപ്പ് എന്നിവ, കയർ മാട്രസ്സുകൾ ഇവ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സിവിൽ എഞ്ചിനീയറിംഗിലും, ആർക്കിടെക്ചറിലും ഉപയോഗ പ്രദമാകുന്ന കയർ ഉൽപ്പന്ന വികസനത്തിനായുള്ള പദ്ധതികൾ എൻ.സി. ആർ.എം.ഐ യും ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കയറും, ചകിരിനാരും ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടിയും ആരംഭിച്ചിട്ടുണ്ട്. |
| (ബി)പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കയർ ഉൽപ്പന്നങ്ങളുടെ വിപുലമായ വിപണന ശൃംഖല സൃഷ്ടിച്ച് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തരവും വിദേശ വിപണിയും വർദ്ധിപ്പിക്കുക എന്നതാണ് ഇത്തരം പദ്ധതികളിലൂടെ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി)ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) സർക്കാറിനു കീഴിലുള്ള സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു - സംസ്ഥാനേതര ഏജൻസികൾ, കയർ മേഖലയിലെ സ്ഥാപനങ്ങൾ തുടങ്ങിയവരാണ് ഇത്തരം പദ്ധതിയുമായിസഹകരിക്കുന്നവർ. |
| (ഡി)ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പഞ്ചായത്തുകളുമായെല്ലാം ബന്ധപ്പെട്ട ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. മറ്റു പൊതുമേഖലകൾ, ഗവൺമെന്റിന് കീഴിലുള്ള ആശുപത്രികൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ എന്നിവ വഴിയും, കയർ ബോർഡിന്റെ കീഴിൽ വരുന്ന ഷോറൂമുകളുമായെല്ലാം ബന്ധപ്പെട്ട് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നു. |

സെക്ഷൻ ഓഫീസർ